പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ.296

22.06.2012 ൽ
മറുപടിയ്ക്ക്

# തൊഴിലുറപ്പ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളുടെ പരിഷ്ക്കരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>,, പി. സി. ജോർജ്<br>,, എം. വി. ശ്രേയാംസ് കുമാർ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്ക്കരിക്കുന്ന സമിതിക്കു മുമ്പാകെ കേരളത്തിന്റെ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത് ; | എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കരട് ഭേദഗതി നിർദ്ദേശങ്ങൾ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ ഭേദഗതി നിർദ്ദേശങ്ങൾ ഡോ: മിഹിർഷാ സമിതിക്കു മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി നിലവിൽ വരുന്നതിന് മുമ്പ് തന്നെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രവൃത്തിയിനങ്ങളെ സംബന്ധിച്ച് കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു. ഈ ശുപാർശകൾ പ്രസ്തുത കമ്മിറ്റി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വിശദാംശങ്ങൾ ആരായുകയും ആവശ്യപ്പെട്ട വിവരങ്ങൾ സമയബന്ധിതമായി പ്രസ്തുത കമ്മിറ്റിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) ക്ഷീരകർഷകരെ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തിയതുമായി ബന്ധപ്പെട്ട് ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ സമിതിയ്ക്കു മുമ്പാകെ ഉന്നയിച്ചിരുന്നുവോ; വ്യക്തമാക്കുമോ ? | ബി) രണ്ട് പശു/എരുമകളെയെങ്കിലും വളർത്തി ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ വിറ്റ് ഉപജീവനം കഴിക്കുന്ന കർഷകരുടെ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട ദൈനംദിന പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിനോട് ശുപാർശ ചെയ്തിട്ടുണ്ടായിരുന്നു. |

| | | | |
|---|---|---|---|
| സി) | തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി ജോലി ചെയ്യുന്ന ആളുകളുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്ന തിനും കൂടുതൽ ആളുകളെ പ്രസ്തുത മേഖലയിലേക്ക് ആകർഷി ക്കുന്നതിനും ഉതകുന്ന പുതിയ പരിപാടികൾ ആവിഷ്ക്കരി ക്കുമോ? | സി) | തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ആരോഗ്യപരിരക്ഷ ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ സംവിധാനം നിലവിലുണ്ട്. ആവശ്യാധിഷ്ഠിത പദ്ധതിയായ തിനാൽ രജിസ്റ്റർ ചെയ്ത് തൊഴിൽ ആവശ്യപ്പെടുന്ന എല്ലാപേർക്കും തൊഴിലും വേതനവും നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ആയതിനാൽ, ആരോഗ്യ പരിരക്ഷയ്ക്കും കൂടുതൽ ആളുകളെ പദ്ധതിയിലേക്ക് ആകർഷിക്കുന്നതിനുമുള്ള പുതിയ പരിപാടികൾ ആവിഷ്കരിക്കുന്നതു സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണന യിലില്ല. |

സെക്ഷൻ ഓഫീസർ